മാലിന്യമുക്ത കേരളം

# ശുചിത്വമിഷൻ
## തദ്ദേശസ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

**തീയതി** : 01.09.2026

# <u>പത്രക്കുറിപ്പ്</u>

## ഹരിത ഓണം 2026: ശുചിത്വ മിഷന്റെ നേതൃത്വത്തിൽ വിപുലമായ ഹരിത പ്രോട്ടോകോൾ പ്രവർത്തനങ്ങൾ

**തിരുവനന്തപുരം:** ഓണാഘോഷങ്ങളെ പരിസ്ഥിതി സൗഹൃദവും ശുചിത്വപൂർണ്ണവുമാക്കുക എന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ 'സമൃദ്ധിയും വൃത്തിയും നിറഞ്ഞ ഓണം' എന്ന ആപ്തവാക്യം അടിസ്ഥാനമാക്കി സംസ്ഥാനത്ത് നടപ്പാക്കിയ ഹരിത ഓണം 2026 ക്യാമ്പയിൻ വിപുലമായ ജനപങ്കാളിത്തത്തോടെയും വൈവിധ്യമാർന്ന പ്രവർത്തനങ്ങളോടെയും വിജയകരമായി പൂർത്തിയായി. ഓണാഘോഷ വേദികളിൽ ഹരിത പ്രോട്ടോകോൾ ഉറപ്പാക്കുക, സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുക, മാലിന്യം തരംതിരിച്ച് ശേഖരണവും ശാസ്ത്രീയ സംസ്കരണവും പ്രോത്സാഹിപ്പിക്കുക, മാലിന്യ ഉത്പാദനം പരമാവധി കുറയ്ക്കുക എന്നിവയായിരുന്നു ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ടൂറിസം വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ഒരുക്കിയ 338 ഓണാഘോഷ വേദികളിലായി 2505 ബിന്നുകൾ സ്ഥാപിക്കുകയും, ആഘോഷവേദികളും പൊതുസ്ഥലങ്ങളും ശുചീകരിക്കുന്നതിനായി 24,642 ഹരിത കർമ്മ സേനാംഗങ്ങളുടെയും 5,496 ശുചീകരണ ജീവനക്കാരുടെയും സേവനം ഉറപ്പുവരുത്തുകയും ചെയ്തു. വ്യാപാരി-വ്യവസായ സംഘടനകൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കായി 185 പരിശീലനങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാനത്ത് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന 10,004 ടൺ ഖരമാലിന്യത്തിന് ഉപരിയായി ഓണാഘോഷത്തോടനുബന്ധിച്ച് ഉത്പാദിപ്പിക്കപ്പെട്ട 20.45 ടൺ ജൈവ മാലിന്യവും 20 ടൺ അജൈവ മാലിന്യവുമുൾപ്പെടെ 40.5 ടണ്ണിലധികം മാലിന്യം ശേഖരിക്കുകയും ശാസ്ത്രീയ സംസ്കരണത്തിനായി കൈമാറുകയും ചെയ്തു.

ഹരിത പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്താകെ 1,282 എൻഫോഴ്സ്മെന്റ് പരിശോധനകൾ നടത്തി. പരിശോധനകളുടെ ഭാഗമായി 1,763 കിലോഗ്രാം നിരോധിത ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും ₹19,21,918 പിഴ ചുമത്തുകയും ചെയ്തു. ഹരിത ഓണം സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ ജില്ലകളിൽ മാവേലി യാത്രകൾ, ഹരിത റാലികൾ, ഗ്രീൻ പ്രോട്ടോക്കോൾ പരിശീലനങ്ങൾ, ഹരിത സ്റ്റാളുകൾ, ഗ്രീൻ ചെക്ക് പോസ്റ്റുകൾ, ഫ്ലാഷ് മോബ്, ഹരിത പൂക്കളം, വേസ്റ്റ് ടു ആർട്ട്, സ്വാപ് ഷോപ്പ്, ക്വിസ് മത്സരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. മലപ്പുറം ജില്ലയിൽ 1,560 ചതുരശ്ര അടി വിസ്തൃതിയിലുള്ള വേസ്റ്റ് ടു ആർട്ട്

പൂക്കളം ഒരുക്കിയത് ക്യാമ്പയിന്റെ പ്രധാന ആകർഷണമായി. നെഹ്റു ട്രോഫി വള്ളംകളി, ഉത്രട്ടാതി വള്ളംകളി, ബിയ്യം കായൽ വള്ളംകളി, തൃശ്ശൂരിലെ പുലികളി, സംസ്ഥാന സർക്കാരിന്റെ ഓണം ഘോഷയാത്ര തുടങ്ങിയ പ്രധാന ആഘോഷങ്ങളോടനുബന്ധിച്ചും ഹരിത പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ നടന്നു. ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ, കാറ്ററിംഗ് അസോസിയേഷൻ തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് പരിസ്ഥിതി സൗഹൃദ ബദലുകളുടെ ഉപയോഗവും സിംഗിൾ യൂസ് പ്ലാസ്റ്റിക് ഒഴിവാക്കലും പ്രോത്സാഹിപ്പിച്ചു.

ടൂറിസം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഹരിതകർമ്മ സേന, വിദ്യാർത്ഥികൾ, ശുചീകരണ തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ, ഗ്രീൻ വോളന്റിയർമാർ, ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ, വ്യാപാരി-വ്യവസായ സംഘടനകൾ തുടങ്ങിയവരുടെ കൂട്ടായ സഹകരണത്തോടെയാണ് ഹരിത ഓണം ക്യാമ്പയിൻ നടപ്പാക്കിയത്. ബോധവത്കരണത്തിനൊപ്പം മാലിന്യ ഉൽപാദനം കുറയ്ക്കൽ, ഹരിത പ്രോട്ടോക്കോൾ പാലനം, സിംഗിൾ യൂസ് പ്ലാസ്റ്റിക് നിയന്ത്രണം, പുനരുപയോഗം, മാലിന്യ ശേഖരണം, എൻഫോഴ്സ്മെന്റ് തുടങ്ങിയ മേഖലകളിലെ ഇടപെടലുകളിലൂടെ ഹരിത ഓണം ജനകീയമായ പരിസ്ഥിതി സൗഹൃദ ആഘോഷ മാതൃകയായി മാറി. മേൽ പ്രവർത്തനങ്ങളിലൂടെ ടൺ കണക്കിന് മാലിന്യം പൊതുഇടങ്ങളിലും ജലസ്രോതസ്സുകളിലും എത്തുന്നത് തടയാൻ കഴിഞ്ഞു എന്ന് ശുചിത്വ മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ബിനു ഫ്രാൻസിസ് ഐ.എ.എസ്. പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ